മുദ്രകൾ

# ഓസ്ബോൺ പ്രവാചകനെക്കുറിച്ച് സിനിമ നിർമിക്കുന്നു



■ ബരി ഓസ്ബോൺ

**ലോഡ്** ഓഫ് ദ റിംഗ്, ദ മാട്രിക്സ് തുടങ്ങിയ ഹോളിവുഡ് ചിത്രങ്ങളിലൂടെ മുഖ്യധാരാ സിനിമയിൽ മുൻനിരയിൽ സ്ഥാനമുറപ്പിച്ച നിർമാതാവും സംവിധായകനുമാണ് ബരി ഓസ്ബോൺ. മുഹമ്മദ് നബിയെക്കുറിച്ച് രണ്ടു മൂന്ന് വർഷത്തിനകം നിർമിക്കാനിരിക്കുന്ന ഒരു ബിഗ്ബജറ്റ് ചിത്രത്തിന്റെ നിർമാതാവായി അദ്ദേഹം ഒപ്പുവെച്ചു എന്നാണ് ദോഹയിൽ നിന്നുള്ള പുതിയ വാർത്ത. ഖത്തറിലെ അൽനൂർ മീഡിയാ എന്റർടെയിൻമെന്റ് കമ്പനിയാണ് ഇതിന് പണം മുടക്കുക. ഇതു സംബന്ധമായ പ്രഖ്യാപനം നടന്ന വേദിയിൽ പ്രശസ്ത ഇസ്ലാമിക പണ്ഡിതൻ ഡോ. യൂസുഫുൽ ഖറദാവിയും അൽനൂർ കമ്പനി ചെയർമാൻ അഹ്മദുൽ ഹാശിമിയും സന്നിഹിതരായിരുന്നു. ഡോ. ഖറദാവി തന്നെയാണ് പ്രോജക്ടിന് വേണ്ട ഗവേഷണം നടത്തുന്നതും ഉപദേശ നിർദേശങ്ങൾ നൽകുന്നതും. “മനുഷ്യ ചരിത്രത്തിലെ മഹാത്മാക്കളിലൊരാളെ അവതരിപ്പിക്കാൻ അവസരം ലഭിച്ചതിൽ ഞാൻ വലിയ ആവേശത്തിലാണ്” ഓസ്ബോൺ പറഞ്ഞു.

ആദ്യ ഗഡുവായി 150 മില്യൻ ഡോളർ പ്രോജക്ടിന് നീക്കിവെച്ചിട്ടുണ്ട്. ഇതു സംബന്ധമായ പ്രാഥമിക ആലോചനകൾ നടന്നുവരുന്നു. 2011ൽ ആയിരിക്കും നിർമാണം ആരംഭിക്കുക. “മുസ്ലിംകൾക്കും അമുസ്ലിംകൾക്കും ഒരുപോലെ സമകാലിക പ്രാധാന്യമുള്ളതാണ് പ്രവാചകന്റെ ജീവിതം. ഞങ്ങളുടെ ആദ്യ പ്രോജക്ട് ഇതായതിൽ ഞങ്ങൾക്ക് വളരെയേറെ സന്തോഷമുണ്ട്” അൽനൂർ ചെയർമാൻ അഹ്മദുൽ ഹാശിമി പറഞ്ഞു. ■

# ശ്രദ്ധേയമാകേണ്ടിയിരുന്ന പുസ്തകം

**‘2009ൽ** ഏറ്റവുമധികം സ്വാധീനം ചെലുത്തിയ 500 മുസ്ലിം വ്യക്തിത്വങ്ങൾ’ എന്നാണ് പുസ്തകത്തിന്റെ ശീർഷകം. അവർ ആരൊക്കെ എന്നറിയാനുള്ള കൗതുകം ഏത് വായനക്കാരനുമുണ്ടാകും. വാഷിംഗ്ടണിലെ ജോർജ്ടൗൺ യൂനിവേഴ്സിറ്റി പ്രഫസർമാരായ ജോൺ എസ്പോസിറ്റോയും ഇബ്റാഹീം കലിനും പുസ്തകത്തിന്റെ എഡിറ്റർമാരായതു കൊണ്ട് നിഷ്പക്ഷമായ തെരഞ്ഞെടുപ്പും സ്ഥാനക്രമീകരണവും




ആരും പ്രതീക്ഷിക്കും. പക്ഷേ, പുസ്തകമിറക്കാൻ പണം നൽകിയ രാജകുടുംബാംഗങ്ങളെ ആദ്യസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്ന ഒരു സംരംഭത്തിന് എസ്പോസിറ്റോയെപോലുള്ള ഒരു പണ്ഡിതൻ എഡിറ്ററായി നിന്നുകൊടുത്തത് ശരിയായില്ലെന്ന വിമർശനം ഉയരുന്നുണ്ട്. ജോർദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സെന്ററും ജോർജ്ടൗണിലെ പ്രിൻസ് അൽ വലീദ് ബ്നു തലാൽ സെന്ററും ചേർന്നാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. സുഊദി അറേബ്യയിലെ അബ്ദുല്ല രാജാവ്, ഇറാനിലെ പരമോന്നത ആത്മീയ നേതാവ് ആയത്തുല്ലാ ഖാംനഈ, മൊറോക്കോയിലെ മുഹമ്മദ് രാജാവ്, ജോർദാനിലെ അബ്ദുല്ല രാജാവ്, തുർക്കി പ്രധാനമന്ത്രി ഉർദുഗാൻ എന്നിവരാണ് യഥാക്രമം അദ്യ അഞ്ച് സ്ഥാനങ്ങളിൽ. ഇന്ത്യയിൽനിന്ന് ഷാറൂഖ് ഖാനും എ.ആർ റഹ്മാനുമാണ് ലിസ്റ്റിൽ ഇടംപിടിച്ചവർ.


ആദ്യത്തെ ഇരുപത് സ്ഥാനക്കാരെക്കുറിച്ചാണ് കൂടുതൽ ആക്ഷേപമുള്ളത്. ആ ലിസ്റ്റിൽ യോഗ്യരോടൊപ്പം അത്ര യോഗ്യതയില്ലാത്തവരും ഉണ്ട് എന്നാണ് വിമർശനം. അൽ അസ്ഹർ യൂനിവേഴ്സിറ്റി റെക്ടർ ത്വൻതാവി, ഡോ. യൂസുഫുൽ ഖറദാവി, ഒമാൻ രാജാവ് സുൽത്വാൻ ഖാബൂസ്, തുർക്കി പണ്ഡിതൻ ഫത്ഹുല്ലാ ഗുലൻ, ഇസ്മാഈലി ആത്മീയ നേതാവ് കരീം ആഗാഖാൻ, പാകിസ്താനിലെ തബ്‌ലീഗ് ജമാഅത്ത് നേതാവ്, ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ല എന്നിവർ ആദ്യ ഇരുപതിൽ ഇടം പിടിച്ചവരാണ്. ഗവേഷണം, ശാസ്ത്രം, കല, രാഷ്ട്രീയം, ഭരണം, മതപ്രബോധനം, ജീവകാരുണ്യം എന്നിങ്ങനെ ഒട്ടേറെ കാറ്റഗറികളിലായിട്ടാണ് ലിസ്റ്റ് തയാറാക്കിയിരിക്കുന്നത്. ■

# മക്തബുൽ ഇർശാദ് തെരഞ്ഞെടുപ്പും വിവാദങ്ങളും

**ഈജിപ്തിലെ** ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ കേന്ദ്ര നിർവാഹക സമിതി (മക്തബുൽ ഇർശാദ്)യിലേക്ക് നടന്ന തെരഞ്ഞെടുപ്പിനെ ചൊല്ലിയുള്ള വിവാദ കോലാഹലം ഇനിയും കെട്ടടങ്ങിയിട്ടില്ല. അൾട്രാ സെക്യുലർ മാധ്യമങ്ങൾ ഇഖ്‌വാനെ പൊതിരെ തല്ലാനുള്ള അവസരമായി വിവാദത്തെ ഉപയോഗിക്കുന്നു. അതേസമയം കേവലം മാധ്യമസൃഷ്ടി എന്നു പറഞ്ഞ് തള്ളിക്കളയാൻ മാത്രം നിസ്സാരവുമല്ല പ്രശ്നങ്ങൾ. തെരഞ്ഞെടുപ്പ് നടന്നത് ചട്ടവിരുദ്ധമാണെന്ന് പരസ്യമായി മാധ്യമങ്ങളോട് പറഞ്ഞത് സംഘടനയിലെ രണ്ടാം സ്ഥാനക്കാരനായി അറിയപ്പെട്ടിരുന്ന ഒന്നാം ഡെപ്യൂട്ടി കാര്യദർശി മുഹമ്മദ് ഹബീബാണ്. വീണ്ടും തെരഞ്ഞെടുപ്പ് നടത്തണമെന്ന തന്റെ ആവശ്യം നിരാകരിക്കപ്പെട്ടതിനാൽ ഇഖ്‌വാന്റെ എല്ലാ സംഘടനാ ഭാരവാഹിത്വങ്ങളും അദ്ദേഹം രാജിവെക്കുകയും ചെയ്തു.

ഇഖ്‌വാന്റെ ഉന്നതാധികാര സമിതിയാണ് പതിനാറംഗ മക്തബുൽ ഇർശാദ്. നൂറ്റിമൂന്ന് അംഗ മജ്‌ലിസ് ശൂറയാണ് ഇവരെ തെരഞ്ഞെടുക്കുന്നത്. 2010 ജനുവരിയിൽ താൻ സ്ഥാനമൊഴിയുമെന്ന് നിലവിലുള്ള കാര്യദർശി മഹ്ദി ആകിഫ് പ്രഖ്യാപിച്ചതാണ് പെട്ടെന്ന് തെരഞ്ഞെടുപ്പ് നടത്താൻ ഇടവന്നത്. ചട്ടപ്രകാരം തെരഞ്ഞെ

ടുപ്പ് ആറു മാസം കഴിഞ്ഞ്
ന്നാണ് മുഹമ്മദ് ഹബീബ്
ട്ടെ, തെരഞ്ഞെടുപ്പ്
ന്നത് പരിഷ്കരണവാദിക
ബ്, അബ്ദുൽ മുൻഇം
തുടങ്ങിയവരെ ഒഴിവാക്കു
ണെന്ന് പ്രചാരണം നട
ഹബീബും അബ്ദുൽ മുൻ
ഇർശാദിലേക്ക് തെരഞ്ഞെ
മീഡിയാ പ്രചാരണങ്ങൾക്ക്



■ മുഹമ്മദ് ഹബീബ്

നടത്തിയാൽ മതിയെ
വാദിച്ചത്. മീഡിയാക
നേരത്തേ നടത്തു
ളായ മുഹമ്മദ് ഹബീ
അബ്ദുൽ ഫതൂഹ്
ന്നതിന് വേണ്ടിയാ
ത്തി. മുഹമ്മദ്
ഇമും മക്തബുൽ
ടുക്കപ്പെടാതിരുന്നത്
ശക്തി പകർന്നു.

യഥാർഥത്തിൽ മജ്‌ലിസ് ശൂറയിൽനിന്ന് വേണ്ടത്ര പിൻബലം ലഭിക്കാതിരുന്നതു കൊണ്ടാണ് അവർ രണ്ടു പേരും തെരഞ്ഞെടുക്കപ്പെടാതിരുന്നത്. പഴയ മുഖങ്ങൾ ഒഴിവാകുന്നതും പുതിയയാളുകൾ കടന്നുവരുന്നതും സ്വാഭാവികമാണ്. ആ നില ക്കിതിനെ കണ്ടാൽ മതിയാകുമായിരുന്നു.

യാഥാസ്ഥിതികരും പരിഷ്കരണവാദികളും തമ്മിലുള്ള ഏറ്റുമുട്ടലായാണ് മീഡിയ തെരഞ്ഞെടുപ്പിനെ വ്യാഖ്യാനിച്ചത്. ഇത് വസ്തുതാപരമല്ല. തെരഞ്ഞെടുക്കപ്പെട്ടവരിൽ നിലവിലുള്ള സെക്രട്ടറി ജനറൽ മഹ്മൂദ് ഇസ്സത്ത്, ജുമുഅ അമീൻ, മുഹമ്മദ് ബദീഅ് എന്നിവരെ ഒഴിച്ചു നിർത്തിയാൽ ബാക്കിയുള്ളവരെല്ലാം അമ്പതിനും അറുപതിനും ഇടക്ക് പ്രായമുള്ളവരാണ്. വിവിധ പൊതുരംഗങ്ങളിൽ കഴിവ് തെളിയിച്ചവർ. പ്രസ്ഥാന നേതൃത്വം ഏറക്കുറെ പുതിയ തലമുറയിലേക്ക് നീങ്ങുകയാണെന്ന സൂചനയും ഇത് നൽകുന്നു.

വോട്ടെടുപ്പിൽ മജ്‌ലിസ് ശൂറയിലെ 103 അംഗങ്ങളിൽ 91 പേരും പങ്കെടുത്തു. ബാക്കിയുള്ളവർ ജയിലിലോ രോഗികളോ ആണ്. ചേരിതിരിവുണ്ടായി എന്ന വാദത്തെ നിരാകരിക്കുന്നു ഈ പങ്കാളിത്തം. ■

# നബിജീവിതത്തെ അടയാളപ്പെടുത്തുന്ന പ്രദർശനം

**ഹജ്ജ്** കാലങ്ങളിൽ സുഊദി മതകാര്യ വകുപ്പിന് കീഴിൽ മക്കയിലും മദീനയിലും വിവിധതരം പ്രദർശനങ്ങൾ നടക്കാറുണ്ട്. ഇക്കഴിഞ്ഞ ഹജ്ജിന് മുമ്പും പിമ്പുമായി മദീനയിൽ നടന്ന മുഹമ്മദ് നബി(സ)യുടെ ജീവിത ചിത്രങ്ങൾ ബോർഡുകളിൽ പകർത്തിയ പ്രദർശനം ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്.

ഇതിൽ ശ്രദ്ധേയമായ ഒരു ചാർട്ട് നബി(സ)യുടെ ജീവിതത്തിന്റെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്നതായിരുന്നു. പ്രബോധനം, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം, പോരാട്ടം എന്നിവയിൽ ഓരോന്നിനും ജീവിതത്തിൽ എത്ര ശതമാനം സമയമാണ് നബി(സ) ചെലവഴിച്ചതെന്നാണ് ഈ ചാർട്ട് അടയാളപ്പെടുത്തിയത്. നബി ജീവിതത്തിന്റെ 25 ശതമാനം സമയം സാമ്പത്തിക രംഗത്താണ് ചെലവഴിച്ചതെന്ന് ചാർട്ട് വ്യക്തമാക്കുന്നു. ഹിജ്റക്കു മുമ്പ് വിവിധ വിഭാഗങ്ങൾ ചെയ്ത സാമ്പത്തിക സഹായം, ഹിജ്റക്കുശേഷം സകാത്ത് ശേഖരണ വിതരണം, ഗനീമത്-ഫൈഅ് വിതരണം, കമ്പോള ക്രമീകരണം, കിണർ ഉൾപ്പെടെയുള്ളവ ദാനം ചെയ്യാനുള്ള പ്രേരണ തുടങ്ങിയവയാണ് സാമ്പത്തിക കാര്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നബി(സ) രാഷ്ട്രീയ രംഗത്ത് ജീവിതത്തിലെ 37 ശതമാനം സമയം ചെലവഴിച്ചിട്ടു

ണ്ടെന്നാണ് തുടർന്ന് ചാർട്ട് നൽകുന്ന മറ്റൊരു സുപ്രധാന വിവരം. അറബ്-ജൂത ഗോത്രങ്ങളുമായുണ്ടാക്കിയ കരാറുകൾ, സന്ധികൾ, ഇസ്‌ലാം സ്വീകരണത്തിൽ അറബ് ഗോത്രങ്ങളുമായി നടത്തിയ ആശയ കൈമാറ്റം, അറേബ്യൻ ഉപദ്വീപ്, റോം, പേർഷ്യ തുടങ്ങിയ സ്ഥലങ്ങളിലെ രാഷ്ട്രീയ ഗ്രൂപ്പുകളുമായി നടത്തിയ എഴുത്തുകുത്തുകൾ തുടങ്ങിയവയാണ് ഹിജ്റക്കു ശേഷം ഈ രംഗത്ത് നബി(സ) നടത്തിയ പ്രവർത്തനങ്ങൾ. ഹിജ്റക്കു മുമ്പാകട്ടെ ഹജ്ജ്-ഉംറ സമയത്ത് വിവിധ സംഘങ്ങളെ കണ്ട് ഇസ്‌ലാമിക പ്രബോധനത്തിന് അനുയോജ്യമായ നാടുകൾ ഏതെന്ന് നബി(സ) മനസ്സിലാക്കിയെടുത്തതും രാഷ്ട്രീയ നീക്കങ്ങൾക്ക് ചെലവഴിച്ച് 37 ശതമാനത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സൈനിക മേഖലയിൽ 7 ശതമാനം മാത്രമേ നബി(സ) ചെലവഴിച്ചിട്ടുള്ളൂ. നബി(സ) പങ്കെടുത്ത 27 യുദ്ധങ്ങളുമായി ബന്ധപ്പെട്ട് ആകെ 435 ദിവസം, നബി(സ) പങ്കെടുക്കാതെ അക്കാലത്ത് നടന്ന 50 സൈനിക നീക്കങ്ങൾക്ക് 350 ദിവസം എന്നിങ്ങനെയാണ് ഇക്കാര്യത്തിൽ അന്ത്യപ്രവാചകൻ വ്യാപൃതനായതെന്നും ചാർട്ട് പഠിപ്പിക്കുന്നു. ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**